# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 5, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 277)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 4665 മുതൽ 4735 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 4736 മുതൽ 4769 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 4770 മുതൽ 4862 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | 4863 മുതൽ 4941 വരെ |

## തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

4665

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് കേന്ദ്രത്തിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസരണമായി എന്തൊക്കെ മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങൾ</u>

4666 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര പേരാണ് അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സെൻസസ് രേഖകൾപ്രകാരം മൊത്തം ജനസംഖ്യയുടെ എത്ര ശതമാനം പേരാണ് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതെന്ന് വ്യകത്മാക്കുമോ ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസനം</u>

4667 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം ഗ്രാമീണ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) കാർഷികമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരമായ ജോലി ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതിപ്രകാരം ഏതെങ്കിലും തരത്തിലുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഗ്രാമീണ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്ന കാര്യത്തിലും കാർഷികമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരം ജോലി ഉറപ്പുവരുത്തുന്നതിനുമായി ഈ പദ്ധതിയുടെ പരിധിയിൽ പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ;

(ഡി) പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) നിലവിൽ എത്ര ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ ഇതുമായി ബന്ധപ്പെട്ട് നിയോഗിച്ചിട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(എഫ്) എല്ലാ ജില്ലകളിലും ഇവരെ വിന്യസിപ്പിച്ച് എം. ജി. എൻ. ആർ. ഇ. ജി. എസ്. ഫലപ്രദമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇവർക്ക് ഏതെങ്കിലും തരത്തിൽ വേതനം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതിന് നടപടി

4668 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ മൂലം കേരളത്തിൽ കാർഷികോല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ പഞ്ചായത്തിലും ജൈവ പച്ചക്കറികൃഷി, ജലസ്രോതസുകൾ വൃത്തിയാക്കൽ, നെൽകൃഷി തുടങ്ങിയ പ്രത്യുത്പാദനപരമായതും സംസ്ഥാനത്തിന്റെ പുരോഗതിക്കും സ്വയംപര്യാപ്തതയ്ക്കും ഉതകുന്നതുമായ പ്രവൃത്തികൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ</u>

4669 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം എത്ര വീതമാണ്;

(സി) ഒരു വർഷം ഒരാൾക്ക് പരമാവധി ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയ്ക്കായി ചെലവഴിച്ച തുക എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇതു വഴി പുതുതായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

തൊഴിലുറപ്പു പദ്ധതി ജീവനക്കാർക്ക് പ്രസവാവധി

4670 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് എന്നാണ് നിലവിൽ വന്നതെന്നും 2013 ഡിസംബർ 31 വരെ എത്ര തൊഴിൽ ദിനങ്ങൾ നൽകി എന്നും തൊഴിലാളികളുടെ കൂലി ഇനത്തിൽ 2013 ഡിസംബർ 31 വരെ എന്തു തുക ചെലവഴിച്ചു എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എം. ജി. എൻ. ആർ. ഇ. ജി. എസി ൽ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിലെ വനിതാജീവനക്കാർക്ക് പ്രസവാവധി നൽകാനുള്ള ഏതെങ്കിലും ഫയലും തീർപ്പാക്കാതെ കിടക്കുന്നുണ്ടോ;

(ഡി) വനിതാജീവനക്കാർക്കുള്ള പ്രസവാവധി എം. ജി. എൻ. ആർ. ഇ. ജി. എസി ലെ ജീവനക്കാർക്കും നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതി പ്രകാരം വയനാട് ജില്ലയിലെ തൊഴിൽ ദിനങ്ങൾ**

4671 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിപ്രകാരം വയനാട് ജില്ലയിൽ നടപ്പു സാമ്പത്തിക വർഷം ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങളുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ നിയമനം</u>

4672 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി, ജില്ലാതല മോണിറ്ററിംഗിനായി എല്ലാ ജില്ലകളിലും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ നിയമിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം എത്ര ജില്ലകളിൽ നിയമനം നടത്തി; എത്ര ജില്ലകളിൽ നിയമനം നടത്താനുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

തൊഴിലുറപ്പ് പദ്ധതി - വേതനവർദ്ധനവ്

4673 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സർവ്വീസ് - ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് പ്രസവാവധി നൽകുന്നതിന് തൊഴിലുറപ്പ് കൗൺസിൽ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

മാവേലിക്കര, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തുകളിലെ
പി. എം. ജി.എസ്.വൈ പദ്ധതി

4674 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം മാവേലിക്കര, ഭരണിക്കാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾ ആണ് നടക്കുന്നത് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ടി ബ്ലോക്കുകളിൽ നിന്നും പുതുതായി പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പദ്ധതികള്‍</u>

4675 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കില്‍ ഇനിയും പൂര്‍ത്തീകരിക്കുവാനുള്ള പ്രവൃത്തികള്‍ ഏതെല്ലാം; ഇതില്‍ പൂര്‍ത്തീകരിക്കാനാകാതെ 'ടെര്‍മിനേറ്റ്' ചെയ്ത പ്രവൃത്തികള്‍ ഏതെല്ലാം; ഇനിയും പൂര്‍ത്തീകരിക്കാന്‍ കഴിയുന്ന പ്രവൃത്തികള്‍ ഏതെല്ലാം; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തികള്‍ പൂര്‍ത്തീകരിക്കാന്‍ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ</u>

4676 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഈ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്; റോഡുകളുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾക്ക് അനുമതി ലഭിക്കുന്നതിലേക്കായി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് ഉള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ റോഡുകൾ</u>

4677 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ നിർമ്മാണ അനുമതി നൽകിയിട്ടുള്ള പി.എം.ജി.എസ്.വൈ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് കോങ്ങാട് മണ്ഡലത്തിലെ</u>
<u>പി.എം.ജി.എസ്.വൈ ഫണ്ട് വിനിയോഗം</u>

4678 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് അസംബ്ലി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര റോഡുകൾക്ക് പി.എം.ജി.എസ്.വൈ പ്രകാരം അനുമതി നൽകിയിട്ടുണ്ട്; ഇതിലേയ്ക്കായി എത്ര തുക വിനിയോഗിച്ചു; ബ്ലോക്കു തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അധികമായി തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ആലത്തൂര്‍ പൊന്‍കണ്ടം - കടപ്പാറ റോഡിന്റെ നിര്‍മ്മാണം

4679 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലത്തൂര്‍ നിയോജകമണ്ഡലത്തില്‍ പി.എം.ജി.എസ്.വൈ - ല്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കുന്ന പൊന്‍കണ്ടം-കടപ്പാറ റോഡിന്റെ നിര്‍മ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പണി തുടങ്ങി വര്‍ഷങ്ങളായിട്ടും പൂര്‍ത്തീകരിക്കാത്തതുമൂലം പ്രദേശവാസികള്‍ക്കുണ്ടായ കഷ്ടനഷ്ടങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(സി) റോഡ് നിര്‍മ്മാണം പൂര്‍ത്തീകരിക്കുവാന്‍ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ റോഡിന്റെ നിര്‍മ്മാണം എന്ന് പൂര്‍ത്തീകരിക്കുവാന്‍ സാധിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന സഹായധനം</u>

4680 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 2012-2013-ൽ എത്ര ഗുണഭോക്താക്കളുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) 2012-2013-ൽ ഇന്ദിര ആവാസ് യോജന പദ്ധതിയിലെ ഒരു ഗുണഭോക്താവിന് സംസ്ഥാന വിഹിതമായി എത്ര തുക നൽകും എന്നാണ് പ്രഖ്യാപിച്ചത് ;

(സി) 2012-2013-ൽ ഇന്ദിര ആവാസ് യോജന പദ്ധതിയുടെ സംസ്ഥാന ഗുണഭോക്തൃവിഹിതം ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി ; ആകെ എത്ര തുക ചെലവഴിച്ചു ;

(ഡി) പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് യഥാസമയം പദ്ധതിവിഹിതമായ സഹായധനം ലഭ്യമാക്കാതെ വീട് നിർമ്മാണം പകുതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്ന ദയനീയ സ്ഥിതിക്ക് എന്ത് പരിഹാരമാർഗ്ഗമാണ് അടിയന്തരമായി കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഐ. എ. വൈ. ഭവന നിർമ്മാണം -
ന്യൂനപക്ഷ വിഹിതം വെട്ടിക്കുറയ്ക്കൽ

4681 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എ. വൈ. ഭവന നിർമ്മാണ പദ്ധതിയിൽ കേന്ദ്ര നിർദ്ദേശത്തിന് വിരുദ്ധമായി ന്യൂനപക്ഷ വിഹിതം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര നിർദ്ദേശ പ്രകാരം കേരളത്തിലെ ന്യൂന പക്ഷങ്ങൾക്ക് ലഭിക്കുമായിരുന്ന വീടുകളുടെ എണ്ണം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ തീരുമാന പ്രകാരം ന്യൂനപക്ഷങ്ങൾക്ക് ലഭ്യ മാകുന്ന വീടുകളുടെ എണ്ണം എത്രയാണ്;

(ഡി) ന്യൂനപക്ഷ വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കു ന്നത് സംബന്ധിച്ച് ന്യൂനപക്ഷ സംഘടനകളുടെ നിവേ ദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാ ക്കാമോ;

(എഫ്) ഇതു സംബന്ധിച്ച് നിയമസഭയുടെ പിന്നോക്ക സമുദാ യക്ഷേമ സമിതിയുടെ നിർദ്ദേശം സർക്കാരിൽ ലഭിച്ചി ട്ടുണ്ടോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നിർമൽ ഭാരത് അഭിയാൻ - രണ്ടാം ഘട്ടം</u>

4682 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമൽ ഭാരത് അഭിയാന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചു;

(സി) വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നുണ്ടോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ പരിശീലനകേന്ദ്രം</u>

4683 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിൽ തൊഴിൽ പരിശീലന കേന്ദ്രം പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഗ്രാമീണ മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുമോ ;

(സി) കുടുംബശ്രീപോലുള്ള സംഘങ്ങളിലെ അംഗങ്ങൾക്കായി പ്രത്യേക തൊഴിൽ പരിശീലനം നടത്താൻ ഗ്രാമവികസനവകുപ്പ് തയ്യാറാകുമോ ;

(ഡി) കുടുംബശ്രീ ഈ ഘട്ടത്തിൽ കൂടുതൽ ചലനാത്മകമാക്കാൻ ഗ്രാമവികസന വകുപ്പിന്റെ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം</u>

4684 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം (ഇ.റ്റി.സി) കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ട്രയിനിംഗ് സെന്റർ കാലതാമസമില്ലാതെ സ്ഥാപിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ വികസനപദ്ധതികൾ</u>

4685 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വികസനപദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതികൾക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേനയുള്ള പദ്ധതി

4686 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേന പുനലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>സംയോജിത നീർത്തട പരിപാലന പരിപാടി</u>

4687 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്ത പരിപാലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) കോതമംഗലം ബ്ലോക്കിൽ 2014-2015-ൽ സംയോജിത നീർത്തട പരിപാലന പരിപാടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മറ്റിയുടെ ഓഫീസ്, സ്റ്റാഫ് മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ സംബന്ധിച്ച കേന്ദ്ര മാർഗ്ഗരേഖ വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമ വികസന വകുപ്പിൽ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം</u>

4688 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ബി. ഡി. ഒ. തസ്തികയിൽ നിന്ന് ബി.ഡി.ഒ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി നിയമിതരായ ഉദ്യോഗസ്ഥരുടെ പേര്, അവർ ഉൾപ്പെടുന്ന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ/റാങ്ക് നമ്പർ, ഉദ്യോഗക്കയറ്റം ലഭിച്ച തീയതി, അവരിൽ ആരെങ്കിലും പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടെങ്കിൽ പ്രസ്തുത തീയതി, ഇപ്പോൾ ഒഴിവുള്ള ബി. ഡി. ഒ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകളുടെ എണ്ണം, പ്രസ്തുത തസ്തികകൾ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് എന്നീ ഇനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

വി.ഇ.ഒ തസ്തികകൾ

4689 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ ഗ്രേഡ് I, എൽ.വി.ഇ.ഒ ഗ്രേഡ് I, വി.ഇ.ഒ. ഗ്രേഡ് II, എൽ. വി.ഇ.ഒ ഗ്രേഡ് II എന്നീ തസ്തികകൾ എത്ര വീതമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വി.ഇ.ഒ. ഗ്രേഡ് II ൽ നിന്ന് വി.ഇ.ഒ ഗ്രേഡ് I ആയി പ്രമോഷൻ നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

വി.ഇ.ഒ.മാരുടെ പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് നടപടി

4690 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറുമാസത്തെ പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) വി.ഇ.ഒ.മാരുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ സ്റ്റാഫ്, ടൂവീലർ, കമ്പ്യൂട്ടർ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ താൽക്കാലിക സ്ഥാനക്കയറ്റം</u>

4691 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള സെലക്ട് ലിസ്റ്റിലെ സീനിയർ മോസ്റ്റ് ജോയിന്റ് ബി.ഡി.ഒ മാരിൽ നിന്ന് താൽക്കാലിക പ്രൊമോഷൻ നടത്താൻ തീരുമാനം നിലവിലുണ്ടായിട്ടും ബി.ഡി.ഒ മാരുടെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്താതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ബ്ലോക്ക് പ്രോഗ്രാം ഓഫീസര്‍ നിയമനം

4692 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയില്‍ എത്ര ബ്ലോക്ക് പ്രോഗ്രാം ഓഫീസര്‍ (ബി.പി.ഒ) തസ്തികകള്‍ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എം. എസ്. ഡബ്ല്യൂ (മാസ്റ്റര്‍ ഓഫ് സോഷ്യല്‍ വര്‍ക്ക്) യോഗ്യതയുള്ള വി.ഇ.ഒ മാരെ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസര്‍മാരായി നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത യോഗ്യതയുള്ള വി.ഇ.ഒ. മാരെ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസര്‍മാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയമനം

4693 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തടസ്സങ്ങൾ മാറ്റി പ്രസ്തുത തസ്തികയിലേക്ക് എന്ന് നിയമനം നടത്തും എന്നു വ്യക്തമാക്കുമൊ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

**2014-15 ബജറ്റിൽ ഗ്രാമവികസനവകുപ്പു മുഖേന നടപ്പാക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ**

4694 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 ബജറ്റിൽ ഗ്രാമവികസനവകുപ്പു മുഖേന നടപ്പാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; അനുവദിച്ചിട്ടുള്ള തുകയെത്ര; പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പു മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്നതിന് പുതുതായി പ്രഖ്യപിച്ച പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം</u>

4695 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഭവന രഹിതർക്കുള്ള കേന്ദ്ര പദ്ധതികൾ</u>

4696 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2011-12 വർഷത്തിൽ എത്ര രൂപ കേന്ദ്ര ധനസഹായം അനുവദിച്ചു; ഏതെല്ലാം സ്കീമുകൾക്ക് എത്ര രൂപ വീതം അനുവദിച്ചു; എത്ര വീടുകൾ നിർമ്മിച്ചു നൽകി; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(സി) 2012-13 വർഷത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി എന്ത് തുക അനുവദിച്ചു; അതിൽ എത്ര കുടുബങ്ങൾക്ക് ഏതെല്ലാം പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകി വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പുനലൂർ മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതി</u>

4697 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ പുനലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമ വികസന വകുപ്പ് മുഖേന ഇത്തരം പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പാ പരിധി

4698 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾവഴി പരമാവധി എത്ര രൂപയാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് ;

(ബി) വായ്പ നൽകുന്നതിലെ നിബന്ധനകൾ എന്തൊക്കെയാണ് ; എത്ര ശതമാനമാണ് പലിശ ;

(സി) ബാങ്കുകൾവഴി ലോൺ എടുത്ത് പണം തിരിച്ചടക്കാൻ കഴിയാത്തവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിലുള്ളത് ;

(ഡി) പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വായ്പാ അദാലത്തുകൾ</u>

T.4699 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കി ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അപേക്ഷകർ എന്ത് നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് അറിയിക്കാമോ;

(സി) എല്ലാ ജില്ലകളിലും വിദ്യാഭ്യാസ വായ്പാ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>മിൽക്ക് ഷെഡ് വികസന പദ്ധതി</u>

4700 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ക്ഷീരസംഘങ്ങളുടെ ശാക്തീകരണം</u>

4701 ശ്രീ. ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര സംഘങ്ങളെ ശക്തിപ്പെടുത്താനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്ക് പെൻഷൻ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പെൻഷൻ തുക കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന പാൽ</u>

4702 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം എത്ര പാലാണ് അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ക്ഷീര കർഷകർക്ക് അകപടം സംഭവിച്ചാൽ ധനസഹായം</u>

4703 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകർക്ക് അപകടങ്ങളും മറ്റ് അത്യാഹിതങ്ങളും സംഭവിച്ചാൽ ധനസഹായം നൽകാറുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ പരിഗണനയിലുണ്ട് ;

(സി) ഇവയിൽ എത്ര എണ്ണം തീർപ്പു കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്യപ്പെടാത്ത ഡെയറികൾ</u>

4704 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്യാത്ത എത്ര ചെറുകിട ഡെയറികൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) രജിസ്റ്റർ ചെയ്യാത്ത പ്രസ്തുത ഡെയറികൾക്ക് എന്തെല്ലാം സാമ്പത്തികസഹായമാണു നൽകിവരുന്നത്;

(സി) പ്രസ്തുത ഡെയറികളിൽനിന്ന് പ്രതിവർഷം എത്ര കിലോലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്;

(ഡി) പ്രസ്തുത ഡെയറികളെ സഹകരണമേഖലയിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണം</u>

4705 ശ്രീ. പാലോട് രവി
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പഴശ്ശിരാജ സ്മാരക നിർമ്മാണം</u>

T.4706 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ നിർമ്മിക്കുന്ന പഴശ്ശിരാജയുടെ സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിച്ചുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പഴശ്ശിരാജ സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) പഴശ്ശിരാജ സ്മാരക നിർമ്മാണത്തിന് എന്തു തുക ധനസഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കലാകാരന്മാരുടെ ക്ഷേമം</u>

4707

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കലാകാരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സുകുമാർ അഴീക്കോടിന്റെ വീടും ഗ്രന്ഥാലയവും സ്മാരകമായി സൂക്ഷിക്കുവാനുള്ള നടപടികൾ</u>

4708

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുകുമാർ അഴീക്കോടിന്റെ വീട് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുത്ത വീടും ഗ്രന്ഥാലയവും ഉൾപ്പെടെയുള്ളവ കേടുകൂടാതെ സൂക്ഷിക്കുവാനും പഠനകേന്ദ്രമാക്കിമാറ്റുവാനും സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) സുകുമാർ അഴീക്കോടിന്റെ വീടിനോടനുബന്ധിച്ചുള്ള സംരക്ഷിത സ്മാരകത്തിൽപ്പെട്ടവയോട് പൂർണ്ണമായും സർക്കാർ കാണിക്കുന്ന അവഗണന അവസാനിപ്പിച്ചുകൊണ്ട് പ്രഖ്യാപിച്ച കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനം

4709 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ടെലിവിഷന്റെ അതിപ്രസരം, കുട്ടികളിലും സ്ത്രീകളിലും വായനാശീലത്തിലുണ്ടാക്കിയിട്ടുള്ള വിമുഖത മാറ്റിയെടുക്കാൻ എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഗ്രാമീണ വായനശാലകളെ മാറിയ സാഹചര്യത്തിൽ സാംസ്കാരിക കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് ഗ്രാമീണ ജനതയുടെ പങ്കാളിത്തം ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കലാകാരൻമാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ</u>

4710 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) നിലവിൽ കലാകാര പെൻഷൻ പ്രതിമാസം എത്രയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; കേന്ദ്ര സർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ടോ;

(ഡി) എങ്കിൽ പ്രതിമാസപെൻഷൻ എത്രയെന്ന് വ്യക്തമാക്കുമോ; ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കലാമണ്ഡലം കൽപിതസർവ്വകലാശാലയുടെ വികസനപ്രവർത്തനങ്ങൾ</u>

4711 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാമണ്ഡലം കൽപിതസർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ നടപ്പുവർഷം നടപ്പിലാക്കേണ്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് അതിനനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കുറ്റ്യാടി പഴയ സബ്രജിസ്ട്രാർ കെട്ടിടം - സംരക്ഷിത സ്മാരകം

4712 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത സ്മാരകമാക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന് എന്തെല്ലാം സംരക്ഷണ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കലാകാരന്മാർക്കുള്ള പെൻഷൻ വിതരണം</u>

4713 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര കലാകാരന്മാർക്ക് പുതുതായി പെൻഷൻ നൽകിയെന്ന് വ്യക്തമാക്കുമോ ; കലാകാരന്മാർക്കുള്ള പെൻഷൻ തുക ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര അവശകലാകാരന്മാർക്ക് പെൻഷൻ നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) പെൻഷനുവേണ്ടി കലാകാരന്മാരിൽ നിന്നും ലഭിച്ച എത്ര അപേക്ഷകൾ ഇനിയും നടപടിയെടുക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ ;എന്തുകൊണ്ടാണ് ഇവർക്ക് പെൻഷൻ നൽകാൻ തയ്യാറാകാത്തതെന്ന് വിശദമാക്കാമോ;

(ഡി) സംഗീത കലാകാരന്മാർക്ക് അക്കാഡമി അവാർഡ് ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകൾ പെൻഡിംഗായി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നാടക, വാദ്യ എന്നീ കലാകാരൻമാർക്ക് ഇൻഷ്വറൻസ്</u>
<u>മെഡിക്കൽ ക്ലെയിം</u>

4714 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാടക, വാദ്യ എന്നീ കലാകാരൻമാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ പരസ്യങ്ങള്‍</u>

4715 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് പരസ്യം നിഷേധിച്ച ഏതെങ്കിലും ദിനപത്രത്തിന് ഈ സര്‍ക്കാര്‍ പരസ്യം നല്‍കിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) പിന്നീട് ഇക്കാര്യം പുന:പരിശോധിക്കുകയുണ്ടായോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ;

(സി) നിയമനടപടികള്‍ നേരിടാത്ത ഏതെങ്കിലും മലയാള ദിനപത്രത്തിന് സര്‍ക്കാര്‍ പരസ്യങ്ങള്‍ നിഷേധിക്കുന്നത് മൂലം ഈ സ്ഥാപനത്തിലെ ജീവനക്കാര്‍ക്ക് വേതനം ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

ഓരോ സാമ്പത്തിക വർഷവും പരസ്യത്തിനായി വിനിയോഗിച്ച തുക

4716

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ സാമ്പത്തിക വർഷവും പരസ്യത്തിനായി വിനിയോഗിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ലഘുലേഖകൾ, പോസ്റ്ററുകൾ, പത്ര - ദൃശ്യ മാധ്യമങ്ങൾ എന്നിവയ്ക്കായി എന്തു തുകയാണ് അനുവദിച്ചതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) വിവിധ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ലഘുലേഖകൾക്കും പോസ്റ്ററുകൾക്കുമായി ഇത്രയധികം തുക ഖജനാവിൽ നിന്നും ചിലവഴിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ വാർത്താചാനലുകൾ</u>

4717 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാർത്താചാനലുകൾ ഭീകരദൃശ്യങ്ങൾ സംപ്രേഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇപ്രകാരം സംപ്രേഷണം ചെയ്യുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ടി.വി. ചാനലുകളിന്മേലുള്ള നിയന്ത്രണം</u>

T.4718 ശ്രീ. സി. മോയിൻകുട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.വി. ചാനലുകളുടെ അതിപ്രസരവും സ്വകാര്യ ജീവിതങ്ങളിലേയ്ക്കുള്ള കടന്നുകയറ്റവും ഗുരുതര സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസത്തിന്റെ പേരിൽ ആൾ മാറാട്ടം നടത്തുന്നതു മാധ്യമ സ്വാതന്ത്ര്യമാണെന്ന നിലപാടിനെക്കുറിച്ച് നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികളെയും യുവജനങ്ങളെയും അക്രമത്തിലേയ്ക്കും നിയമനിഷേധ നടപടികളിലേയ്ക്കും തള്ളിവിടാൻ പ്രേരിപ്പിക്കുന്ന പരിപാടികൾ മാധ്യമസ്വാതന്ത്ര്യമെന്ന പേരിൽ അവതരിപ്പിക്കുന്ന ടി.വി. ചാനലുകളെ നിയന്ത്രിക്കാൻ എന്തെങ്കിലും പ്രായോഗിക നടപടികൾ, മാധ്യമ പ്രവർത്തകരുടെ സഹകരണത്തോടുകൂടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ്</u>

4719 ശ്രീ. സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മീഡിയ സിറ്റി</u>

4720 ശ്രീ.ലൂഡി ലൂയിസ്
,, വി. ഡി.സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീഡിയ സിറ്റി ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഐ&പി. ആർ. ഡി. പ്രസിദ്ധീകരണങ്ങളുടെ നിലവാരത്തകർച്ച</u>

4721 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ പ്രസിദ്ധീകരിച്ചുവരുന്ന ജനപഥം പോലുളള പ്രസിദ്ധീകരണങ്ങളിൽ സൃഷ്ടികൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങൾ മറികടന്ന് എഡിറ്റോറിയൽ ബോർഡിലുളളവരുടെ താത്പര്യങ്ങൾക്കനുസരിച്ചുളള രചനകൾ പ്രസിദ്ധീകരിക്കുകയും വിജ്ഞാന പ്രമേയങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എഡിറ്റോറിയൽ ബോർഡിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിശ്ചിത യോഗ്യതകൾ ഉളളവരാണോ പ്രസ്തുത ജോലി ചെയ്യുന്നത്;വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പി. ആർ. ഡി. യിലെ അസിസ്റ്റന്റ് എഡിറ്റർമാരുടെ തസ്തികകൾ</u>

4722 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ആർ. ഡി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എത്ര അസിസ്റ്റന്റ് എഡിറ്റർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്; വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് എഡിറ്റർ തസ്തികയ്ക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകണം എന്ന് നിബന്ധന നിലവിലുണ്ടോ; എങ്കിൽ അതിന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാർക്ക് പ്രൊമോഷൻ നൽകി അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>ഐ&പി. ആർ.ഡി യുടെ പ്രസിദ്ധീകരണങ്ങളുടെ നിലവാരത്തകർച്ച</u>

4723 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ&പി. ആർ.ഡിയുടെ പ്രസിദ്ധീകരണങ്ങൾ രാഷ്ട്രീയ പ്രചരണത്തിനുള്ള ഉപാധിയായി മാറിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളെ സർക്കാർ സംവിധാനവുമയി ബന്ധിപ്പിക്കുന്നതിനാവശ്യമായ വിജ്ഞാനപ്രദമായ പംക്തികൾക്ക് പകരം നിലവാരമില്ലാത്ത പംക്തികൾ ജനപഥം പോലുള്ള പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കച്ചവട സാധ്യതകൾക്കപ്പുറം ജനങ്ങളെ സർക്കാർ സംവിധാനങ്ങളുമായി അടുപ്പിക്കുന്നതിനുതകുന്ന ലേഖനങ്ങളും, ഫീച്ചറുകളും കൂടുതൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

നോർക്ക ഹെൽപ്പ് ഡെസ്ക്ക്

4724 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലെ മലയാളികൾക്കാണ് പ്രസ്തുത ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിലെ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ</u>

4725 ശ്രീ. ഹൈബി ഈഡൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തി വരുന്നത്; വിശദമാക്കുമോ;

(ഡി) എതെല്ലാം സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഗൾഫ് മലയാളികൾക്ക് നോർക്കയിൽ ലഭിക്കുന്ന സഹായം</u>

4726 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾക്ക് നോർക്കയിൽനിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സഹായത്തിനായുള്ള പ്രത്യേക മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പേർക്ക് പ്രസ്തുത സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>നോർക്ക റൂട്ട്സ് ഓഫീസുകൾ</u>

4727 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് നോർക്ക് റൂട്ട്സ് ഓഫീസുകൾ പ്രവർത്തിക്കുന്നത്;

(ബി) ഇവിടങ്ങളിൽ നിന്നും എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പ്രവാസി മലയാളി സെൻസസ് 2013</u>

4728 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളി സെൻസസ് 2013 എന്ന പേരിൽ സർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വെ എന്തിനുവേണ്ടിയായിരുന്നുവെന്നും സർവ്വെയെ തുടർന്ന് കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണന്നും വ്യക്തമാക്കുമോ ;

(സി) പ്രവാസി മലയാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കാതെയാണ് സർവ്വെ നടത്തിയതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിഹരിച്ചുകൊണ്ട് ഈ സർവ്വെയിലൂടെ പ്രവാസി മലയാളികളെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് നയപ്രകാരം തിരികെയെത്തിയ മലയാളികൾ</u>

4729 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിതാഖത് നിയമപ്രകാരം ജോലി നഷ്ടപ്പെട്ട് തിരികെ
യെത്തിയ മലയാളിക്ക് ജോലി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഇവർക്കായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ</u>

4730 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് പിന്നോക്കവികസന കോർപ്പറേഷൻ വഴി നൽകിയ തൊഴിൽ വായ്പ</u>

4731 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമംമൂലം ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്ക് നോർക്ക തൊഴിൽ നഷ്ടപ്പെട്ടുവെന്ന സർട്ടിഫിക്കറ്റ് നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പിന്നോക്കവികസന കോർപ്പറേഷൻ മുഖേന ഇവർക്ക് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എത്ര പേർക്ക് പ്രസ്തുത ഇനത്തിലുള്ള വായ്പ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്ക് പിന്നോക്കവികസന കോർപ്പറേഷൻ വഴി നൽകിയ തൊഴിൽ വായ്പ എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമ പദ്ധതികൾ</u>

4732 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവർക്ക് എൻ.ഡി.പി.ആർ.ഇ.എം വഴി എന്തെല്ലാം സഹായ നടപടികളാണ് നടപ്പാലാക്കിയിട്ടുള്ളത്;

(ബി) 2014-15 ൽ പ്രവാസി ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി

4733 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്ന പരിപാടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം എവിടെ നിന്നെല്ലാം ലഭിക്കും ; എത്ര ശതമാനം സബ്സിഡി ലഭിക്കുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സബ്സിഡി നൽകാൻ 2013-2104 വർഷം നീക്കി വച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ; നടപ്പു വർഷം 31.12.2013 വരെ എത്ര പേർക്ക് പ്രസ്തുത പദ്ധതി മുഖേന പുതിയ സംരംഭം ആരംഭിക്കാൻ സഹായം നൽകിയെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>പ്രവാസി മലയാളികളുടെ ബാങ്ക് നിക്ഷേപങ്ങൾ</u>

4734 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബാങ്കുകളിലുള്ള പ്രവാസി മലയാളികളുടെ നിക്ഷേപം സംബന്ധിച്ച് 2013-ലെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരുടെ നിക്ഷേപത്തെ കേരളത്തിൽ തന്നെ പൂർണ്ണമായും പ്രയോജനപ്പെടുത്താനുതകുന്ന എന്തെങ്കിലും നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

## ചിറയിൻകീഴിൽ സാന്ത്വന പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിച്ചവർ

4735

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് സഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിന്മേലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ;

(സി) ചിറയിൻകീഴ് താലൂക്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും ലഭിച്ച തുകയുമുൾപ്പെടെ വിശദമാക്കാമോ?